**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4604** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസറഗോഡ് ജില്ലയിൽ കർണ്ണാടക വനാതിർത്തിയിൽ നിന്നും ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ആനക്കൂട്ടം ഉൾപ്പെടെയുള്ള വന്യ ജീവികളുടെ കടന്നു വരവിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളും കൃഷിനാശവും ഒഴിവാക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (എ) | കാസറഗോഡ് ഡിവിഷനു കീഴിൽ മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ ഭാഗമായി കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയ്ഞ്ചിലെ ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും കറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും കൂടാതെ ആയതിനു കീഴിലുള്ള അഞ്ച് പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP) എന്ന പേരിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29.00 കിലോമീറ്റർ സൌരോർജ്ജ തൂക്കുവേലി നിർമ്മിക്കാനുള്ള അംഗീകാരം നൽകുകയും, ഇതിൽ 21.80 കിലോമീറ്റർ പ്രവൃത്തി 1.05 കോടി രൂപ ചെലവഴിച്ച് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിൽ നബാർഡ് RIDF Tranche XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 32.50 കിലോമീറ്റർ സോളാർ തൂക്കുവേലി 2.79 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിന് നബാർഡിന്റെ അനുമതി ലഭിക്കുകയും, തുടർന്ന് ടി പ്രവർത്തികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുത വേലികൾ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വനാതിർത്തി പ്രദേശങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചും, വാട്ട്സാപ്പ് ഗ്രൂപ്പ് കൂട്ടായ്മകൾ രൂപീകരിച്ചും, ക്യാമറാട്രാപ്പ്, ജി.പി.എസ്. സാങ്കേതിക വിദ്യകൾ ഉപയോഗ പ്പെടുത്തിയും ആർ.ആർ.ടി. ജീവനക്കാർ, മറ്റു താൽക്കാലിക വിഭാഗം ജീവനക്കാർ, വനസംരക്ഷണ ജീവനക്കാർ എന്നിവരുടെ സേവനം പ്രയോജന പ്പെടുത്തിയും ജനവാസ കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | വന്യജീവികളുടെ സാന്നിധ്യം ഒരു പരിധിവരെ കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് റെയിഞ്ചിലെ വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി പുലിപ്പറമ്പ് പ്രദേശത്ത് എ.ഐ. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവാകുകയും ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയുമാണ്. ഇത്തര ത്തിൽ വന്യമൃഗങ്ങളെ നിരീക്ഷിക്കു ന്നതിനും വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകമായും ഒരു ഡ്രോൺ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 11.95 ലക്ഷം രൂപയ്ക്ക് വാങ്ങി ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാനം പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ച നേരിടുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ കൺട്രോൾ റും പ്രവർത്തിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള കൃഷിനാശം തടയുന്നതിനും കർഷകരെ സംരക്ഷിക്കു ന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് RKVY ഹ്യൂമൻ വൈൽഡ്ലൈഫ് കോൺഫ്ലിക്റ്റ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുകയും കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്തിൽ ഉദ്ദേശം 22.00 ലക്ഷം രൂപ ചെലവിൽ 9 കിലോമീറ്റർ സൌരോർജ്ജ വേലി നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ